CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

# എന്നെയൊരുക്കൂ നീ

## ആത്മാവിന്റെ ഭക്തിഭാവവും സാക്ഷാത്കാരവും



ഡോ. ഫ്രാൻസീസ് വിനീത് സി.എം.എ.

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

# എന്നെയൊരുക്കൂ നീ

## ആത്മാവിന്റെ ഭക്തിഭാവവും സാക്ഷാത്കാരവും

**ഡോ. ഫ്രാൻസീസ് വിനീത് സി. എം. ഐ.**

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

*Title:* **ENNE ORUKKU NEE**
(Malayalam)

*Author:* Dr. Francis Vineeth CMI

*Copyright:* Author

*First Edition:* 2007

*Published by:* Vidyavanam Publications
Bangalore
&
Maria Publications
Bangalore

*Printed at:* Matha Prints
Bangalore

ISBN: 81-902749-6-1

*Price:* Rs.125.00

**Maria Publications**
# 4/1-24, II Main, Bridavan Nagar, Ramaiah Gardens, Bangalore- 560 029
Tel. 080-26840026, 41310081, 41508981
E-mail: mariapublications@yahoo.com

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

# ഉള്ളടക്കം

ഗുരുവിന്റെ കാലടികൾ തേടി ........ 7
ആമുഖം ........ 15
ആസ്വാദനം ........ 17
അവതാരിക ........ 19
എന്നെയൊരുക്കൂ നീ ........ 25

**അദ്ധ്യായം ഒന്ന്: ആദ്യ പ്രാർത്ഥന ........ 28**

എന്നെ ഒരുക്കു നീ ........ 28
എന്തിനാണെന്നതും ചൊൽകവേണ്ട ........ 32
എന്തെന്നു നിൻമനമെന്നും നിനയ്ക്കുമോ ........ 34
നിത്യവും നിൻ പദേ ........ 37
ശിഷ്യയാമെന്നിൽ നിൻ രൂപം രചിക്കാനും ........ 44
ത്യക്തയായ് മുക്തയായ് ത്യാഗത്തിൻ വേദിയിൽ ........ 50
വിസ്മൃതവീഥിയിൽ ........ 58
പാതാളലോകത്തിനാഴത്തിലെത്താനും ........ 60
ഉത്തുംഗശൃംഗം കയറിടാനും ........ 64
പാരിന്റെ സീമകൾ ഭേദിച്ചുയരാനും ........ 80

**അദ്ധ്യായം രണ്ട്: സമഭാവന ........ 88**

സൗഖ്യദുഃഖങ്ങളിലേക മനസ്സോടെ ........ 88
മാനാപമാനങ്ങൾ ഒന്നുപോൽ കാണാനും ........ 95
ആശാവിനാശങ്ങൾ ........ 99
ആശീഷാക്ഷേപങ്ങൾ ........ 102
മിത്രങ്ങൾ എന്നുള്ളിൽ മോദം വിതയ്ക്കുമ്പോൾ ........ 104

**അദ്ധ്യായം മൂന്ന്: താമസരാത്രി ........ 109**

താമസരാത്രിയിൽ താളം പിഴയ്ക്കാതെ ........ 116
താവക പൊൻമുഖം തേടുവാനും ........ 122
രാവിൻപ്രശാന്തിയിൽ നിന്നിൽ ലയിക്കാനും ........ 122
ഉള്ളിന്റെ ഉള്ളിലായ് പള്ളികൊള്ളുന്ന ........ 135
എല്ലാം ത്യജിക്കാം ഞാൻ ഏതും വരിക്കാം ഞാൻ ........ 140

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



എന്നും എവിടെയും നിൻപദം പുൽകുവാൻ .................... 146
നീ നൽകും ശിഷ്യർക്കായ് ജീവിതം ഹോമിച്ച് .................... 147

**അദ്ധ്യായം നാല്: തിരുവരവും കാത്ത് ............................ 154**

നിന്തിരുവാണികളെന്നിലൊഴുക്കുന്ന ...................................... 154
നീ തന്ന ദീപത്തിലെണ്ണ പകർന്നു ഞാൻ .............................. 159
എന്നകക്കാവിലെ കൽപ്പക വല്ലിയിൽ .................................... 165
നീ പാടും മൗനമനോജ്ഞമാം ഗാനങ്ങൾ ................................ 167
നീ സ്വയം ഹോമിച്ചെൻ ജീവിതം .......................................... 170
പാരം പ്രഭാപൂരം ............................................................... 182
ഓരോ ദിനത്തിലും ത്യാഗസുമങ്ങളെൻ .................................. 188
നീവരും തുവെള്ള പൂമേഘത്തേരിന്റെ ................................... 191
ആഗ്നേയ ദൂതന്മാർ.............................................................. 192
നിൻ പദം ചുംബിച്ചു നിന്നെ വരിക്കുവാൻ .............................. 201
ആരാധ്യനാഥൻ നീ ............................................................ 203
ആദ്യന്തഹീനൻ നീ.............................................................. 203
ആത്മാവിനാധാര ജീവസാരം ............................................... 204
ശക്തിയും മുക്തിയും ശാശ്വത തൃപ്തിയും ............................. 205
ശാന്തി ശുഭാപ്തിയും അങ്ങുമാത്രം ...................................... 212

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

# ഗുരുവിന്റെ കാലടികൾ തേടി

## (ഈ കാവ്യഭാവനയെക്കുറിച്ച്: ഉത്ഭവം, സാരം, നന്ദി)

### 1

ചാലക്കുടിപ്പുഴയെന്നറിയപ്പെടുന്ന പെരിയാറിന്റെ പോഷകനദി ശാന്തസുന്ദരമായൊഴുകുന്ന പരിയാരം തീരം. അവിടെയൊരു പ്രാർത്ഥനാഭവനത്തിൽ ഞാൻ ഏതാനും ദിവസങ്ങൾ ചിലവഴിച്ചു കൊണ്ടിരിക്കുന്ന കാലം. പരിശുദ്ധാത്മാവിന്റെയും പ്രസാദവര ധാരയുടെയും പ്രതീകമായ ജലം ആയിരങ്ങൾക്ക് ദേഹശുദ്ധിയും ദാഹശമനവും നൽകി അനായസേനയൊഴുകിക്കൊണ്ടിരിക്കുന്നു. കണ്ണഞ്ചിക്കുന്ന കമനീയതയാണ് ചുററും. മററൊന്നുകൊണ്ടുമല്ല. അചുംബിതവും അചൂഷിതവുമായ ഗ്രാമഭംഗി നിറഞ്ഞുതുളുമ്പി നിൽക്കുന്നു. ഇവിടെയാണ് ദൈവം. ഇവിടെയാണ് നാദബ്രഹ്മം മുഴങ്ങുന്ന ദിവ്യവേദി. കറതീർന്ന പ്രകൃതിയിലെ മൂലവസ്തുക്കളായ വായു, വെള്ളം, അഗ്നി, ആകാശം, ഭൂമി എന്നി പഞ്ചഭൂതങ്ങളാണ് ദൈവാ രൂപിയുടെ ഏററവും ഉന്നത പ്രതീകങ്ങൾ. അവയെല്ലാം അവിടെയുണ്ട്. എപ്പോൾ വേണമെങ്കിലും മനുഷ്യനിർമ്മിതമല്ലാത്ത, മനുഷ്യൻ ഇനിയും കീഴ്പ്പെടുത്തിക്കഴിയാത്ത ഈ മാധ്യമങ്ങളിലൂടെ ദൈവത്തിന് സംസാരിക്കാം, ശ്രവിക്കാൻ ചെവിയുണ്ടെങ്കിൽ, ശ്രദ്ധിക്കാൻ ഏകാഗ്രമായ മനസ്സുണ്ടെങ്കിൽ!

ഇവിടെ സന്നിധി എന്ന പേരിലറിയപ്പെടുന്ന ഒരു ചെറിയ കപ്പേളയുണ്ട്. ഇത് നിശബ്ദ സുന്ദരമായ ഒരു പ്രാർത്ഥനാമന്ദിരമാണ്. നന്നേ ചെറുതാണ്, എന്നാൽ ധ്യാനോപാസകർക്ക് വളരെ വലുതാണ്. എന്റെ ഗുരുവും ആത്മനിയന്താവുമായിരുന്ന ധന്യനായ കനീസിയൂസച്ചൻ എല്ലാ ജോലികളിൽനിന്നും വിരമിച്ച് ഈ ചെറിയ കപ്പേളയിൽ പല മണിക്കുറുകളോളം പ്രാർത്ഥിച്ചുകൊണ്ടിരുന്നു. അതുകൊണ്ടുതന്നെ ഈ സ്ഥലം എനിക്ക് കൂടുതൽ പ്രിയങ്കരമായിരുന്നു.

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA



ഒരു ദിവസം ഈ നദിതീരത്തുള്ള പ്രാർത്ഥനാമന്ദിരത്തിലേക്ക് ഒരു ചെറുപ്പക്കാരി പെൺകുട്ടിയും അവളുടെ ചേച്ചിയും എന്നെ കാണുവാനായി വന്നു. ചേച്ചി എനിക്ക് നേരത്തെ പരിചയമുള്ള ഒരു സിസ്ററായിരുന്നു. പെൺകുട്ടിയുടെ കണ്ണുകളിൽ ചിന്തയുടെ രശ്മികൾ നിഴലിക്കുന്നുണ്ടായിരുന്നെങ്കിലും മുഖത്ത് പുഞ്ചിരിവിടർന്നുനിന്നിരുന്നു. "ഇവൾക്ക് മഠത്തിൽ ചേരാനാഗ്രഹമുണ്ട്," ചേച്ചി എന്നോട് പറഞ്ഞു. "അച്ചൻ പ്രാർത്ഥിക്കണം മുഴുവനും ശരിപ്പെടുന്നില്ല. ജന്മനായുള്ള ഒരു ചെറിയ ശാരീരിക വൈകല്യമാണിതിനു കാരണം." ഞാനാകുട്ടിയുടെ മുഖത്തേക്ക് സൂക്ഷിച്ചു നോക്കി. നിഷ്ക്കളങ്കമായ മുഖം. എന്തു കൊണ്ടോ ആഗ്രഹം നടക്കുന്നില്ല! ഞങ്ങളെല്ലാവരും "സന്നിധി"യിൽ പ്രാർത്ഥിക്കാനായിപ്പോയി. എന്റെ ഗുരുഭൂതനായ കനീസിയൂസച്ചൻ അവിടെ മുട്ടിൻമേൽനിന്ന്, നിശ്ചലനായി, നിർനിമേഷനായി പ്രാർത്ഥിക്കുന്നുണ്ടായിരുന്നു. ഈ പെൺകുട്ടിയെ ഈശോയ്ക്ക് കാഴ്ചവെച്ച് ഞാൻ പ്രാർത്ഥിച്ചു. പുറത്തു വന്നപ്പോൾ എന്റെ മനസ്സിൽ വന്ന ഒരു കവിത ഒരുതുണ്ടുകടലാസിലെഴുതി ആ കുട്ടിക്കു കൊടുത്തുകൊണ്ട് ഞാൻ ഇപ്രകാരം പറഞ്ഞു. "നീ എല്ലാ ദിവസവും ഈ കവിത ചൊല്ലി പ്രാർത്ഥിച്ചാൽ മതി. ബാക്കി കാര്യങ്ങളെല്ലാം ഈശോ നോക്കികൊള്ളും." ആ കവിതയിതായിരുന്നു.

"എന്നെയൊരുക്കൂ നീ, എന്നും ഒരുക്കൂനീ
എന്തിനാണെന്നതും ചൊൽകവേണ്ട
എന്തെന്ത് നിൻമനം എന്നും നിനയ്ക്കുവോ
അന്നന്ന് ഞാനത് ചെയ്തുകൊള്ളാം"

അങ്ങനെ ഈ കാവ്യത്തിന്റെ ആദ്യപാദം വിരചിതമായി.

"പ്രാർത്ഥിക്കുകയാണെങ്കിൽ ഈ അച്ചൻ പ്രാർത്ഥിക്കുന്നതു പോലെ പ്രാർത്ഥിക്കണം. അല്ലാതെ വെറുതെ സ്വരം ഉണ്ടാക്കിയതു കൊണ്ടൊന്നും കാര്യമില്ല." പ്രാർത്ഥനാനിരതനായി ചാപ്പലിൽ മുട്ടു കുത്തി നിന്നിരുന്ന എന്റെ ഗുരുഭൂതനെ ഓർമ്മിപ്പിച്ചുകൊണ്ട് അവൾ പറഞ്ഞു. ഞങ്ങൾ മൂന്നുപേരും എന്റെ ഗുരുഭൂതന്റെ അരികിൽച്ചെന്ന് അദ്ദേഹത്തിന്റെ പ്രാർത്ഥന യാചിക്കുകയും ആശീർവാദം നേടുകയും ചെയ്തു.

കാലങ്ങൾ കഴിഞ്ഞു. ഒരു കൊല്ലത്തിനകം അവൾ ധ്യാനജീവിതം നയിക്കുന്നൊരു മിണ്ടാമഠത്തിൽ ചേർന്നു. അവളുടെ ആഗ്രഹം അങ്ങനെ

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA



സഫലീകൃതമായി. കേരളത്തിൽനിന്നും വളരെ വിദൂരമായൊരുസ്ഥലത്ത് ഉത്തരേന്ത്യയുടെ വടക്കേ അതിർത്തിയോടടുത്ത്, സന്യാസിനിയായി, ധ്യാനനിർലീനമായി ജീവിതം തുടരുന്നു.

അവൾക്കുവേണ്ടി ഞാനെഴുതിയ ആദ്യപാദം അറിഞ്ഞും അറിയാതെയും എന്റെ ഹൃദയത്തിൽ മാറൊലികൾ സൃഷ്ടിച്ചു കൊണ്ടിരുന്നു. പിന്നീട് ഞാനേതാനും പാദങ്ങൾകൂടി അതിലെഴുതി ച്ചേർത്തു. ഈ ഗ്രന്ഥത്തിലെ ഒന്നും രണ്ടും അദ്ധ്യായങ്ങളാണവ. എന്റെ സന്യാസസഭയിലെ നവസന്യാസികൾക്ക് ഔദ്യോഗികമായ സഭാപ്രവേശനത്തിന്റെ പ്രാർത്ഥനാക്രമം രചിക്കുവാൻ എന്നോടാവശ്യ പ്പെട്ടതനുസരിച്ച് ഞാനത് നിയമിത കമ്മററിക്കുവേണ്ടി തയ്യാറാക്കി. അതിൽ ആദ്യഗാനമായിട്ട് ഈ കവിത ചേർത്തിരുന്നു. അത് അംഗീക രിക്കപ്പെടുകയും ചെയ്തു. അങ്ങനെ ഇതിന്റെ ആദ്യപാദങ്ങൾ പ്രാർത്ഥ നാക്രമത്തിലെ ഒരുഗാനമായി പ്രസിദ്ധീകരിക്കപ്പെട്ടു. പക്ഷേ അത് ലോകത്തിനജ്ഞാതമായിരുന്നു.

കാലങ്ങൾ പിന്നെയും കടന്നുപോയി. കർത്താവെന്നെയൊരു ക്കിയത് ഒരാശ്രമം സ്ഥാപിക്കാനായിരുന്നു. അതിന്റെ സമയം സമാഗതമായി. ഞാൻ വൈദികസെമിനാരിയിൽ നിന്നും നേരത്തെ വിരമിച്ച്, സഭയുടെ അംഗീകാരത്തോടെ, ഒരാശ്രമം സ്ഥാപിച്ചു. അതിന്റെ പേര് ''വിദ്യാവനം''. ദൈവസാക്ഷാത്ക്കാരമാകുന്ന സാക്ഷാൽ വിദ്യക്കുവേണ്ടി വനത്തിലേയ്ക്കു പോയ നമ്മുടെ പിതാമഹന്മാരെ യനുസ്മരിച്ചുകൊണ്ടായിരിക്കാം ഇങ്ങനെയൊരു പേര് വരുവാൻ കാരണം. മാത്രമല്ല, ഞങ്ങളുടെ സഭയുടെ സ്ഥാപകനായ വാഴ്ത്തപ്പെട്ട ചാവറയച്ചൻ ആദ്യമാഗ്രഹിച്ചത് വനവാസത്തിന് പോകാനായിരുന്നു. എന്തായാലും 1996ൽ വിദ്യാവനം സാക്ഷാത്ക്കരിക്കപ്പെട്ടു.

കാലചക്രം പിന്നെയും തിരിഞ്ഞു. ഞാൻ രോഗിയാവുകയും കുറച്ചുനാളത്തേക്ക് ചികിത്സാർത്ഥം കേരളത്തിലെയൊരു ആയുർ വേദാശുപത്രിയിലേക്ക് പോവുകയും ചെയ്തു. അവിടെ വിശ്രമം നിമയമായിരുന്നു. വളരെ നേരം കട്ടിലിൽ കിടക്കണം "എന്നെയൊരുക്കൂ നീ" എന്ന കവിത വീണ്ടുമെന്റെ മനസ്സിലുദിച്ചുയർന്നു. "താമസരാത്രി" "തിരുവരവും കാത്ത്" എന്നീ അദ്ധ്യായങ്ങളിലെ കവിതകൾ രചിച്ചത് ഈ വേളയിൽ കട്ടിലിൽ കിടന്നുകൊണ്ടാണ്. പക്ഷേ വ്യാഖ്യാനത്തേ ക്കുറിച്ച് അപ്പോൾ ചിന്തിച്ചിരുന്നില്ല.

www.TheCMSIndia.org

www.marggam.com

# Digital Library of Christianity in India

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

www.TheCMSIndia.org

**An international forum for interdisciplinary discussion, and dissemination of knowledge, on the music, art and dance of about thirty million Christians in India.**

## Support Our Ongoing Projects

- Marggam, Digital Library of Christianity in India.
- Aramaic Project - Reclaim Syriac to Reaffirm Identity.
- Encyclopaedia of Syriac Chants.
- Resources for Researchers.
- Directory of Christian Songs.
- Music Iconography.
- Christian Art.

---

Christian Musicological Society of India, Josef Ross, Ist Floor, Peter’s Enclave, Opp.Kairali Apts, Panampilly Nagar, Kochi, Kerala, India-682036, Phone: +91 9496244981, +91 9446514981, Email - info@thecmsindia.org